**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 - മരട് നഗരസഭ - ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം മരടിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ഫ്ലാറ്റുകൾ പൊളിക്കുന്നതിന് മുന്നോടിയായുള്ള ആകസ്മിക ചെലവ് വഹിക്കുന്നതിന് പൊതു ആവശ്യ ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 7786/2019/ധന  തീയതി, തിരുവനന്തപുരം., 01 ഒക്ടോബർ 2019

---

പരാമർശം.
1) SLP(C) 4784-4785/2019 മേലുള്ള ബഹു. സുപ്രീം കോടതിയുടെ 06/09/2019 ലെ വിധി ന്യായം.
2) മരട് മുനിസിപ്പൽ സെക്രട്ടറിയുടെ 28/09/2019 ലെ ടി.5-2415/2016 നമ്പർ കത്ത്
3) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ LSGD-FM1/226/2019-LSGD നമ്പർ അനൗദ്യോഗിക ഫയൽ

**<u>ഉത്തരവ്</u>**

ബഹു. സുപ്രീം കോടതിയുടെ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം മരട് നഗരസഭയുടെ പരിധിയിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ഫ്ലാറ്റുകൾ പൊളിക്കുന്നതിന് മുന്നോടിയായി ഫ്ളാറ്റിലെ താമസക്കാരെ ഒഴിപ്പിക്കുന്നതിനും അവരുടെ പുനരധിവാസത്തിനും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനുമായി അടിയന്തിരമായി ഒരു കോടി രൂപ അനുവദിച്ചു നൽകണമെന്ന് മരട് നഗരസഭ സെക്രട്ടറി പരാമർശം (2)ലെ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പരാമർശം (3) പ്രകാരം ഭരണ വകുപ്പ് ശിപാർശ ചെയ്തിട്ടുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രാദേശിക സർക്കാരുകൾക്കായി 2019-20 സാമ്പത്തിക വർഷം നീക്കി വച്ചിട്ടുള്ള പൊതു ആവശ്യ ഫണ്ടിൽ നിന്നും 1,00,00,000/- രൂപ [ ഒരു കോടി രൂപ മാത്രം] മരട് നഗരസഭക്ക് **(M071100)** അധിക ധനാനുമതിയായി '3604-00-200-88-(02)- NP' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി.**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, മരട് നഗരസഭ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1314323)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ